# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.460 | 22.03.2018- ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി പരിശോധന കർശനമാക്കുവാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ജെ.ജോസഫ്<br>,, റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിൽ ചരക്ക് സേവന നികുതി റിട്ടേൺ ഇനിയും സമർപ്പിക്കാത്ത വ്യാപാരികൾക്കെതിരെ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; നികുതി പണം പിരിച്ചെടുക്കുന്നതിൽ വകുപ്പ് ഉദ്യോഗസ്ഥർ കാണിക്കുന്ന മെല്ലെപ്പോക്ക് നയം തിരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | ജി.എസ്.ടി പൂർണ്ണമായും ഓൺലൈൻ സമ്പ്രദായമാണ്. ജി.എസ്.ടി നടപ്പിലാക്കുന്നതിന് ആദ്യഘട്ടത്തിൽ വേണ്ട, രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, നികുതിഅടവ് എന്നിവ ജി.എസ്.ടി സോഫ്റ്റ് വെയറിന്റെ ഫ്രണ്ട് എൻഡ് മോഡ്യൂളിലാണ്. ഇത് ജി.എസ്.ടി എൻ ആണ് തയ്യാറാക്കുന്നത്. മോഡൽ 1 സംസ്ഥാനമായ കേരളത്തിൽ ബാക്ക് എൻഡ് മൊഡ്യൂൾ തയ്യാറാക്കുന്നത് സംസ്ഥാനമാണ്. ജി.എസ്.ടി യിലെ ഫ്രണ്ട് എൻഡ് സോഫ്റ്റ് വെയർ ഇതുവരെയും പൂർണ്ണമായും സജ്ജമായിട്ടില്ല. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട ബാക്ക് എൻഡ് മൊഡ്യൂളുകളും പൂർണ്ണമായും പ്രവർത്തനസജ്ജമാക്കാൻ കഴിഞ്ഞിട്ടില്ല. നിയമപ്രകാരമുള്ള റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യുന്നതിനുള്ള സംവിധാനം ഇതുവരെയും സജ്ജമായിട്ടില്ല. ജി.എസ്.ടി സംവിധാനത്തിൽ വ്യാപാരികൾക്ക് നോട്ടീസുകൾ നൽകുന്നത് ഓൺലൈൻ രീതിയിലാണ്. നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള ജി.എസ്.ടി.ആർ 3 ബി, ജി.എസ്.ടി.ആർ 1 എന്നിവ കൃത്യസമയത്ത് ഫയൽ ചെയ്യാത്ത നികുതിദായകരുടെ വിവരങ്ങൾ ജി.എസ്.ടി.എൻ ന്റെ ബാക്ക് എൻഡിൽ ലഭ്യമാണ്. ഓൺലൈൻ രീതിയിൽ നോട്ടീസ് നൽകുന്നതിനുള്ള സോഫ്റ്റ് വെയർ ഇതുവരെയും പ്രവർത്തന |

| | | | |
|---|---|---|---|
| | | | സജ്ജമാകാത്തതിനാൽ ഇത്തരം നികുതിദായകരുമായി നേരിട്ട് ബന്ധപ്പെട്ട് റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ വകുപ്പ് നടത്തിവരുന്നു. |
| (ബി) | വ്യാപാരികൾ മറ്റ് കാലത്ത് നൽകിയതും ഇപ്പോൾ നൽകുന്നതുമായ നികുതി പരിശോധിക്കാൻ എന്ത് സംവിധാനമാണ് വകുപ്പുതലത്തിൽ ചെയ്തിരിക്കുന്നത്; ഇക്കാര്യത്തിൽ ആറ് മാസമായി വില്പന നികുതി വകുപ്പിന് വീഴ്ച സംഭവിച്ചു എന്ന ആക്ഷേപം പരിഹരിക്കാമോ; വ്യക്തമാക്കാമോ; | (ബി) | പൂർണ്ണമായും ഓൺലൈൻ സംവിധാനമായ ജി.എസ്.ടി യിൽ റിട്ടേണുകൾ ഫയൽ ചെയ്യുന്നതും വിവരങ്ങളുടെ സൂക്ഷ്മപരിശോധന നടത്തുന്നതും ഓൺലൈൻ രീതിയിലാണ്. ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതിനാൽ നികുതിയടവിന്റെ അളവും കൃത്യതയും പരിശോധിക്കുന്നതിനുള്ള എല്ലാ വിവരങ്ങളും ജി.എസ്.ടി.എൻ മുഖേന സംസ്ഥാനത്തിന് ലഭ്യമാകുന്നില്ല. എന്നിരുന്നാലും ലഭ്യമായ വിവരങ്ങൾ വച്ച് നികുതിയടവിന്റെ അളവിനെക്കുറിച്ചുള്ള പരിശോധന വകുപ്പ് നടത്തിവരുന്നു. ഇക്കാര്യത്തിൽ വകുപ്പിന് വീഴ്ച സംഭവിച്ചതായി കണക്കാക്കുന്നില്ല. |
| (സി) | നികുതി പിരിവിന് ചെക്ക് പോസ്റ്റുകളിലും കടകളിലും പരിശോധന കർശനമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ? | (സി) | ജി.എസ്.ടി നിയമമനുസരിച്ച് ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയിട്ടുണ്ട്. ജി.എസ്.ടി നിയമമനുസരിച്ച് നികുതിബാധ്യതയുള്ളയാൾ നികുതിവെട്ടിപ്പ് നടത്തുന്നതായി സംശയിക്കപ്പെടുന്ന പക്ഷം ജോയിന്റ് കമ്മീഷണറിൽ കുറയാത്ത റാങ്കിലുള്ള ഉദ്യോഗസ്ഥന് വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിന് അനുമതി നൽകാവുന്നതാണ്. ഇതനുസരിച്ച് വ്യാപാരസ്ഥാപനങ്ങളിൽ ടെസ്റ്റ് പർച്ചേസ് നടത്തുന്നതിനും ബില്ലുകൾ പരിശോധിക്കുന്നതിനും വകുപ്പിലെ ജില്ലാ ഡെപ്യൂട്ടികമ്മീഷണർമാരെയും ഇന്റലിജൻസ് വിഭാഗത്തിലെ ഡെപ്യൂട്ടികമ്മീഷണർമാരെയും ചുമതലപ്പെടുത്തിക്കൊണ്ട് വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**